# ഗവ. എൽ. പി. സ്കൂൾ ഉദയഗിരി

COME TO LEARN, GO TO SERVE

G.L.P.S.UDAYAGIRI



# സഫലം 2026

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

Scanned with OKEN Scanner

# ആമുഖം

2025-26 സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിജയിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഉദയഗിരി ഗവ. എൽ. പി സ്കൂൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളാണ് '**സഫലം**' എന്ന അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ വിഭാവനം ചെയ്യുന്നത്. വിദ്യാലയത്തിലെ "**ഒരു കുട്ടി ഒരു യൂണിറ്റ്**" എന്ന കാഴ്ചപ്പാടോടെ ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായഘട്ടത്തിനനുസൃതമായും പാഠ്യപദ്ധതി വിഭാവനം വികസിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഇതിലൂടെ ഞങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു. പൊതുസമൂഹവും രക്ഷിതാക്കളും അധ്യാപകരും വിദ്യാലയത്തെ മികവുറ്റതാക്കി ഗുണമേന്മയും സാമൂഹ്യബോധവും ഉള്ള കുട്ടികളെ വാർത്തെടുക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസം ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നു.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ

2. പഠന നേട്ടങ്ങൾ കൈവരിക്കാത്തവർക്ക് പ്രത്യേക പരിശീലനം നൽകുക

3. ഓരോ വിഷയത്തിലും മികച്ച നിലവാരം പുലർത്തുന്നവർക്ക് പ്രത്യേക പ്രവർത്തനങ്ങളും പരിശീലനവും നൽകൽ

4. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയും അനായാസം ചെയ്യുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക കൈകാര്യം

5. കലാകായിക പ്രവർത്തിപരിചയ മേഖലകളിൽ കഴിവുകൾ കണ്ടെത്തി

6. വിദ്യാലയ പരിസരം പാഠപുസ്തകമാക്കത്തെ ക്ക വിധത്തിൽ ജൈവവൈവിധ്യം ആകർഷകമാക്കുക

7. ക്ലാസ് ലൈബ്രറികൾ ഫലപ്രദമായി ഉപയോഗിക്കാൻ സജ്ജമാക്കുക

8. എല്ലാ ക്ലാസ്സുകളിലും ഐസിടി അധിഷ്ഠിത പഠനം ഉറപ്പുവരുത്തുക

9. ലഹരി, പ്ലാസ്റ്റിക് വിമുക്ത പരിസരം ഉറപ്പുവരുത്തുക

10. ലൈബ്രറി വിപുലീകരണം, കുട്ടികളുടെ വായനശാല

11. ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുന്നതിനായി STEP UP ENGLISH PROGRAMME

12. പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക, ആനുകാലിക സംഭവങ്ങളെക്കുറിച്ച് ധാരണ ഉണ്ടാക്കുക

13. വികാസ വിടവ് നികത്തുക

Scanned with OKEN Scanner

# സ്കൂൾ ചരിത്രം

1998 ൽ 17 കുട്ടികളുമായി ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. അന്നത്തെ വാർഡ് മെമ്പർ ആയിരുന്ന കരുണൻ മാസ്റ്ററുടെ നേതൃത്വത്തിലാണ് വിദ്യാലയം തുടങ്ങിയത്. നല്ലവരായ 7 പ്രദേശവാസികൾ സംഭാവനയായി നൽകിയ സ്ഥലത്താണ് ഈ ഒരേക്കർ വിദ്യാലയം പ്രവർത്തിക്കുന്നത്. ഗതാഗത സൗകര്യം ഒട്ടും ഇല്ലാത്തതുകൊണ്ടുതന്നെ കുട്ടികളുടെ എണ്ണം വളരെ കുറവായിരുന്നു.

2006 ൽ പ്രീ പ്രൈമറി തുടങ്ങിയതോടെ കുട്ടികളുടെ എണ്ണത്തിൽ വർധന ഉണ്ടായി. പിടിഎയുടെ നേതൃത്വത്തിൽ വാഹന സൗകര്യവും ഏർപ്പെടുത്തിയതോടെ ദൂരെയുള്ള കുട്ടികളും വിദ്യാലയത്തിൽ എത്താൻ തുടങ്ങി.140-ഓളം കുട്ടികളുമായി ഈ വിദ്യാലയം ഇന്ന് മികവിന്റെ പാതയിൽ.......

# നേട്ടങ്ങൾ

2015 വരെ ഫോക്കസ് പട്ടികയിൽ ആയിരുന്ന ഈ വിദ്യാലയം 2015-16 ൽ ഫോക്കസ് പട്ടിക മറികടന്നു. ഈ അധ്യയന വർഷം കുട്ടികളുമായി മുന്നേറുന്നു. ശക്തമായ പിടിഎയും അർപ്പണബോധമുള്ള അധ്യാപകരും ഈ വിദ്യാലയത്തിന്റെ നേട്ടമാണ്. ജില്ലയിലെ മികച്ച PTA അവാർഡ്, നല്ല പാഠം സീഡ് പുരസ്കാരങ്ങൾ, ഹൈടെക് വിദ്യാലയ സൗകര്യം, അന്താരാഷ്ട്ര നിലവാരമുള്ള പ്രീ പ്രൈമറി.... ഞങ്ങളുടെ കൊച്ചു വിദ്യാലയം ഇന്ന് വളർച്ചയുടെ പാതയിലാണ്. വർഷംതോറും ലഭിക്കുന്ന എൽഎസ്എസ് വിജയങ്ങൾ ഈ വിദ്യാലയത്തിന്റെ അക്കാദമിക മികവിന്റെ തെളിവാണ്. 2024-25 വർഷം നേടിയെടുത്ത 11 എൽഎസ്.എസുകൾ വിദ്യാലയത്തിന്റെ അക്കാദമിക മികവിന്റെ നേർസാക്ഷ്യമാണ് .

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

ജില്ല : വയനാട്

സബ് ജില്ല : മാനന്തവാടി

പഞ്ചായത്ത് : തവിഞ്ഞാൽ

പ്രീ പ്രൈമറി മുതൽ 4 വരെ

കുട്ടികളുടെ എണ്ണം :

പ്രീ പ്രൈമറി :

1-4 വരെ :

ജീവനക്കാർ

അധ്യാപകർ

പ്രീ പ്രൈമറി : 2

എൽ പി : 4+1 (മെന്റർ ടീച്ചർ )

അനദ്ധ്യാപകർ : 2

ഉച്ചഭക്ഷണ കുക്ക് : 1

Scanned with OKEN Scanner

# ഭൗതികം

1. സ്കൂൾ കെട്ടിടം -വൃത്തിയും അടച്ചുറപ്പുള്ളതുമായ സ്കൂൾ കെട്ടിടം.

2. ക്ലാസ് മുറികൾ-മികച്ച പഠന പ്രവർത്തനങ്ങൾക്കനുയോജ്യമായ ക്ലാസ്സ്മുറികൾ ആവശ്യത്തിനുള്ള ഇരിപ്പിടങ്ങൾ, ഫർണിച്ചർ,ഹൈടെക്ക് ക്ലാസ് മുറികൾ

3. കളിസ്ഥലം-വിശാലമായ കളിസ്ഥലം, കുട്ടികളുടെ പാർക്ക്

4 ടോയ്ലറ്റ് സൗകര്യം- അടച്ചുറപ്പുള്ളതും വൃത്തിയുള്ളതുമായ ടോയ്ലറ്റ് സൗകര്യം

5 ചുറ്റുമതിൽ-സ്കൂൾ സുരക്ഷയ്ക്കായി ചുറ്റുമതിൽ നിർവഹിക്കുന്നു.

6 കുടിവെള്ളം-ശുദ്ധമായ കുടിവെള്ളം വാട്ടർ പ്യൂരിഫയർ ഒരുക്കുന്നു

7 ഓപ്പൺ സ്റ്റേജ്-കുട്ടികളുടെ കലാപരമായ പ്രകടനങ്ങൾക്ക് ഓപ്പൺ സ്റ്റേജ് ക്രമീകരിക്കുന്നു.

8. Digital Interactive board

# പരിമിതികൾ

1.സ്കൂൾ ചുറ്റുമതിൽ പൂർത്തിയാക്കേണ്ടതുണ്ട്.

2.പ്രീപ്രൈമറി കുട്ടികൾക്ക് പ്രത്യേക ടോയ്ലറ്റുകൾ ആവശ്യമാണ്.

3.കുട്ടികളുടെ Park യാഥാർത്ഥ്യമാകേണ്ടതുണ്ട്.

4.ഫർണിച്ചറുകൾ ലഭ്യമാക്കേണ്ടതുണ്ട്

Scanned with OKEN Scanner

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

*ഒരു കുട്ടി ഒരു യൂണിറ്റ്

*ഓരോ ക്ലാസ്സിൽ നിന്നും നേടേണ്ട ശേഷികൾ കുട്ടി നേടിയിട്ടുണ്ടെന്ന് അദ്ധ്യാപകരും രക്ഷിതാക്കളും ഉറപ്പുവരുത്തുക

*പഠന നേട്ടങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുക

*മൂല്യ നിർണയം ഫലപ്രദമാക്കുക

*സാങ്കേതിക സൗഹൃദ വിദ്യാലയം

*അധിക പിന്തുണ ആവശ്യമുള്ള കുട്ടികളെ തിരിച്ചറിയൽ

*സ്കൂൾ തല ഗവേഷണ പ്രവർത്തനങ്ങൾ — [illegible]

*സ്കൂൾ തല പരിമിതികൾ പരിഹരിക്കൽ

*സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിങ്

*സ്കൂൾ ശുചിത്വം

*ഗണിത ശേഷിക്ക് പ്രാധാന്യം നൽകൽ

*അക്കാദമിക നൂതന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

*സഹിതം പോർട്ടൽ രക്ഷിതാക്കൾക്ക്

## വിവിധ മേഖലകൾ

1.ഗുണമേന്മ വിദ്യാഭ്യാസം-പ്രചാരണ പ്രവർത്തനങ്ങൾ

2.അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക

3.മൂല്യ നിർണായ രീതി ശാസ്ത്രം കാര്യക്ഷമമാക്കുക

4.സാങ്കേതികവിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

5.ഭരണപരമായ പ്രവർത്തങ്ങൾ

6.ഗവേഷണ പ്രവർത്തങ്ങൾ

7.പരിശീലന പ്രവർത്തങ്ങൾ

8.വിദ്യാലയ സമിതികൾ,മറ്റു വകുപ്പുകൾ/സ്ഥാപനങ്ങളുമായുള്ള സഹകരണവും പിൻതുണയും

Scanned with OKEN Scanner

## ഈ വർഷം ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ

*എല്ലാവരും പ്രസംഗിക്കുന്ന ക്ലാസ് മുറികൾ

*മാസാന്ത്യ ക്വിസ്

*വായനവസന്തം -സ്കൂൾ/ക്ലാസ് തല വായനാ മത്സരങ്ങൾ

*Reading Bel

*പുസ്തകശ്രീ പുരസ്കാരം

*അമ്മ വായന

*Step UP English Enhancement Programme

*നിറവ് പഠനവിടവ് നികത്തുന്നതിന്

## തനത് പ്രവർത്തനം

1.വിത്തെറിയാം വിദ്യ നേടാം - നെൽകൃഷി

*നെൽകൃഷി (സ്കൂളിലും വീട്ടിലും )

*നെൽവിത്തുകളുടെ പേരുകൾ

*നെൽ വിത്തുകളുടെ പേരുള്ള ഗ്രൂപ്പിങ്

*പരീക്ഷണം -നിരീക്ഷണം

*ഫീൽഡ് ട്രിപ്പ്

*അഭിമുഖം

*ആത്മകഥ

2.Step UP English Enhancement Programme

*Spoken English

*Daily Assembly

*diary Writing

Scanned with OKEN Scanner

# പ്രവർത്തനകലണ്ടർ

| മാസം | പ്രവർത്തനം |
| --- | --- |
| ജൂൺ | ✿ എസ്.ആർ.ജി, പി.ടി.എ എക്സിക്യുട്ടീവ്, പി.ടി.എ ജനറൽ ബോഡി, ക്ലാസ് പി.ടി.എ.<br>✿ പ്രവർത്തനോദ്ഘാടനം<br>✿ ഗ്രൂപ്പിങ്ങ്<br>✿ സ്കൂളിൽ നെൽക്കൃഷി ആരംഭിക്കൽ<br>✿ കുട്ടികൾക്ക് നെൽവിത്ത് വിതരണം. |
| ജൂലൈ | ✿ സർഗച്ചുവർ<br>✿ കൃഷിച്ചൊല്ലുകളുടെ ശേഖരണം / പഠനം/ പ്രദർശനം.<br>✿ കൃഷിപത്രം തയ്യാറാക്കുന്നു.-ആതിര ഗ്രൂപ്പ് . |
| ആഗസ്റ്റ് | ✿ ഗൃഹസന്ദർശനം - കുട്ടികളുടെ വീടുകളിലെ നെൽക്കൃഷി വിലയിരുത്തുന്നു.<br>✿ നെൽക്കൃഷിയുമായി ബന്ധപ്പെട്ട വാർത്തകളുടെ ശേഖരണം / പ്രദർശനം / വായന |
| സെപ്തംബർ | ✿ ക്ലാസ് പി.ടി.എ<br>✿ കർഷകനെ ആദരിക്കൽ/ അഭിമുഖം<br>✿ ഫീൽഡ് ട്രിപ്പ്<br>✿ നെൽവിത്തുകളുടെ ശേഖരണം/പ്രദർശനം.<br>✿ കാർഷിക ഉപകരണങ്ങളുടെ പ്രദർശനം<br>✿ കൃഷിപത്രം - പവിഴം ഗ്രൂപ്പ് . |
| ഒക്ടോബർ | ✿ ക്ലാസ് പി.ടി.എ.ബ രക്ഷിതാക്കളുടെ കൃഷിപ്പതിപ്പ് നിർമാണം<br>✿ കൃഷി ഓഫീസറോട് ചോദിക്കാം - ചോദ്യാവലി തയ്യാറാക്കൽ.<br>✿ കൃഷിപത്രം - ഉമ ഗ്രൂപ്പ് |
| നവംബർ | ✿ കേരള ഭൂപട നിർമാണം -നെല്ലിന്റെ ഉൽപ്പന്നങ്ങൾക്കൊണ്ട്<br>✿ കൃഷിപ്പാട്ടുകൾ ശേഖരണം.<br>✿ കൊയ്ത്തുത്സവം സ്കൂളിൽ<br>✿ വീഡിയോ പ്രദർശനം.<br>✿ കൃഷി പത്രം - വെളിയൻ ഗ്രൂപ്പ് . |
| ഡിസംബർ | ✿ നെൽക്കൃഷിയുടെ നാൾവഴി – കൈപ്പുസ്തക നിർമാണം.<br>✿ ഫീൽഡ് ട്രിപ്പ് – ചെറുവയൽ രാമൻ<br>✿ ചോറിന്റെ ആത്മകഥ രചനാ മത്സരം.<br>✿ എന്റെ കൃഷിപാഠം വിലയിരുത്തൽ.<br>✿ ഡോക്യുമെന്ററി ഫിലിം നിർമാണം/പ്രദർശനം.<br>✿ മികച്ച കുട്ടിക്കർഷകനെ കണ്ടെത്തൽ<br>✿ കുട്ടികളുടെ വീടുകളിൽ കൊയ്ത്തുത്സവം.<br>✿ കൃഷി പത്രം – ജ്യോതി ഗ്രൂപ്പ് |



Scanned with OKEN Scanner

# പ്രവർത്തനങ്ങൾ

# ക്ലാസ്തലത്തിൽ

# വിഷയാടിസ്ഥാനത്തിൽ

# പ്രീ-പ്രൈമറി

## ഭാഷ മലയാളം

# I. ചിത്രവായനാ വസന്തം (കുഞ്ഞുവായന)

### ലക്ഷ്യം

- മുഴുവൻ കൂട്ടുകാരെയും കുഞ്ഞുവായനയിൽ താൽപ്പര്യമുള്ളവരാക്കുന്നു.
- വായനകാർഡ് നിർമ്മാണം
- ബാലമാസികകളുടെ ശേഖരണം, പ്രദർശനം
- ലൈബ്രറി ഒരുക്കൽ (കുട്ടി ലൈബ്രറി)
- അമ്മ വായന

### പ്രവർത്തനങ്ങൾ

**1. ക്ലാസ് വായനക്കൂട്ടം**

അഞ്ചുപേരുള്ള വായനാക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. അനുഭവം പറയൽ, കുട്ടിപ്പാട്ട് പറയൽ

**2. കേൾക്കാം ആസ്വദിക്കാം (ഇ. വായന)**

കുട്ടിപ്പാട്ടുകൾ, കുട്ടിക്കവിതകൾ, കുഞ്ഞുകഥകൾ, കാർട്ടൂൺ, വാർത്തകൾ എന്നിവ ഐ.സി.ടി സഹായത്തോടെ കുട്ടികളെ കേൾപ്പിക്കുന്നു.

**3. വായനാകാർഡുകൾ നിർമ്മാണം**

കുട്ടികളുടെയും, രക്ഷിതാക്കളുടെയും സഹായത്തോടെ വായനാകാർഡ് നിർമ്മിക്കുന്നു.

**4. ബാലമാസികകളുടെ ശേഖരണം**

കുട്ടികളുടെ സഹായത്തോടെ ബാലമാസികകൾ ശേഖരിക്കുന്നു. പ്രദർശിപ്പിക്കുന്നു.

**5 വായനാമൂല ഒരുക്കൽ**

ശേഖരിച്ച ബാലമാസികകൾ, വായനാകാർഡുകൾ എന്നിവ ഉൾപ്പെടുത്തി വായനാമൂല ഒരുക്കുന്നു. ബർത്ത്ഡേ സമ്മാനമായി ജന്മദിന പുസ്തകം പദ്ധതി നടപ്പിലാക്കുന്നു.

**6. വായനാഗ്രാഫ്**

വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി വായനാഗ്രാഫ് തയ്യാറാക്കുന്നു. സ്റ്റാർ നൽകി മികച്ച കുഞ്ഞുവായനക്കാരെ കണ്ടെത്തുന്നു.സമ്മാനം നൽകുന്നു.

**7. അമ്മ വായന**

ക്ലാസ് പി.ടി.എ.യിൽ അമ്മവായനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഒരു ദിവസം ഒരു കഥ രക്ഷിതാവ് വായിച്ചുകൊടുക്കുന്നു. അമ്മമാർ വായിച്ച പുസ്തകത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. സി.പി.ടി.എ.യിൽ അവതരിപ്പിക്കുന്നു.

**8. വായനാ അനുഭവം പങ്കുവെക്കൽ**

അസംബ്ലിയിൽ വായിച്ച കഥപറയാൻ അവസരം നൽകുന്നു. അവതരിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നു.

**9. അനുഭവങ്ങൾ കേൾക്കാം**

മുതിർന്നവർ, കൃഷിക്കാർ എന്നിവരുടെ അനുഭവങ്ങൾ കേൾക്കാൻ അവസരങ്ങൾ നൽകുന്നു.

**10. ബാലസഭ**

കഥ, പാട്ട് എന്നിവ അവതരിപ്പിക്കുന്നതിന് അവസരങ്ങൾ നൽകുന്നു.

**11. കുട്ടിപ്രാസംഗികർ**

ദിനാചരണങ്ങളോടനുബന്ധിച്ച് പ്രസംഗം നടത്തുന്നു. മികച്ച കുട്ടി പ്രാസംഗികനെ കണ്ടെത്തുന്നു.



Scanned with OKEN Scanner

# II. കുഞ്ഞെഴുത്ത്

## ലക്ഷ്യങ്ങൾ

കുഞ്ഞു വായനയിൽ നിന്നും കുഞ്ഞെഴുത്തിലേക്ക് കുട്ടികളെ നയിക്കുക.

## പ്രവർത്തനങ്ങൾ

### 1.എഴുത്തുകൂട്ടം

പരിചയപ്പെട്ട അക്ഷരങ്ങൾ വെട്ടി അക്ഷരകൂട്ടം തയ്യാറാക്കൽ, ചിത്രപതിപ്പ് തയ്യാറാക്കൽ

### 2.അക്ഷരചിത്ര പ്രദർശനം

അക്ഷരചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ലഘുവാക്കുകൾ പറയിപ്പിക്കുക.

### 3. എന്റെ കുഞ്ഞുബുക്ക്

കുട്ടി തയ്യാറാക്കിയ ചിത്രരചനകൾ, കുഞ്ഞു അക്ഷരങ്ങൾ തുടങ്ങിയവയെല്ലാം വർഷാവസാനത്തിൽ കുഞ്ഞുബുക്കായി തയ്യാറാക്കുന്നു.

### 4. വിവരണം പറയാം

ഐ.സി.ടി. സഹായത്തോടെ പ്രകൃതി ദൃശ്യങ്ങൾ, മഴ കാഴ്ചകൾ എന്നിവയുടെ ദൃശ്യങ്ങൾ കണ്ട് ലഘുവിവരണം കാഴ്ചകൾ എന്നിവയെല്ലാം പറയുന്നു.

കാലം : ജൂൺ–മാർച്ച്

ചുമതല : പ്രീ–പ്രൈമറി ടീച്ചർ, ആയ



Scanned with OKEN Scanner

# III. ENGLISH

# HAI ENGLISH I AM WITH YOU

### ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷ അനായാസകരമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു.
2. ഇംഗ്ലീഷ് പ്രസംഗം, സ്കിറ്റ് എന്നിവ അവതരിപ്പിക്കുക

### പ്രവർത്തനങ്ങൾ

## E-Learning

1. ഐ.സി.ടി. സഹായത്തോടെ ഇംഗ്ലീഷ് പാട്ടുകൾ, കഥകൾ, കാർട്ടൂൺ എന്നിവ കാണാനും, കേൾക്കാനും അവസരങ്ങൾ നൽകുന്നു. പാട്ടുകൾ താളാത്മകമായി ആലപിക്കുകയും,ആസ്വദിക്കുകയും ചെയ്യുന്നു.

## 2. Let's Speak

കുട്ടികൾ സ്വയം പരിചയപ്പെടുത്തൽ, simple description എന്നിവ നടത്തുന്നു.

## 3. Let's Read

ചിത്രവായന നടത്തുന്നു. വായനാകാർഡുകൾ നിർമ്മിക്കുന്നു. വായനാമൂലയിൽ ഇംഗ്ലീഷ് വായനാകാർഡുകൾ പ്രദർശിപ്പിക്കുന്നു. word strips, Sentence strips എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് വായനാ പ്രവർത്തനങ്ങൾ നടത്തുന്നു.

## 4. Let's Write

വിട്ടുപോയ അക്ഷരങ്ങൾ കൂട്ടിച്ചേർക്കുന്നു. അടിക്കുറിപ്പുകൾ തയ്യാറാക്കുന്നു.

## Spoken English പരിശീലനം

ഇംഗ്ലീഷ് ക്ലാസിൽ ഇംഗ്ലീഷ് സംസാരിക്കുക, Teacher talk ന് പ്രാധാന്യം നൽകുന്നു. ഇംഗ്ലീഷ് story പറഞ്ഞു കൊടുക്കുന്നു.

## 5. എന്റെ ഇംഗ്ലീഷ് മാഗസിൻ

ക്ലാസ്തല പ്രവർത്തനങ്ങളിലെ ചിത്രങ്ങൾ, അടിക്കുറിപ്പ് എന്നിവ കൂട്ടി ചേർത്ത് ഒരു ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു.

## 6. English Assembly, Englidh day

ആഴ്ചയിൽ രണ്ടുദിവസം (തിങ്കൾ, വ്യാഴം) ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ആ ദിവസം English day ആയി ആചരിക്കുന്നു.

## 7. ഇംഗ്ലീഷ് ബാലസഭ

മാസത്തിൽ ഒരുതവണ ഇംഗ്ലീഷ് ബാലസഭ നടത്തുന്നു. ഇംഗ്ലീഷ് സ്കിറ്റ് , സ്റ്റോറി, ആക്ഷൻ സോങ് എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

## 8. ഗെയിംസ്

കുളം,കര, പ്ലേറ്റ് & ഗ്ലാസ് തുടങ്ങിയ കളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും നിർദ്ദേശങ്ങൾക്കനുസരിച്ച് കളിക്കാനും സ്വയം കളികളിലേർപ്പെട്ട് അവസരം നൽകുന്നു.

കാലം : ജൂൺ, മാർച്ച്

ചുമതല : പ്രീ-പ്രൈമറി ടീച്ചർ, ആയ



Scanned with OKEN Scanner

# IV. ഗണിതം മധുരം

## ലക്ഷ്യങ്ങൾ

ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക. ഗണിത പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് കൃഷി പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

### 1. ഗണിതകിറ്റ്

സംഖ്യാബോധം, എണ്ണൽ ഉറപ്പിക്കുന്നതിന് മഞ്ചാടി, മുത്ത്, തീപ്പെട്ടി എന്നിവയുൾപ്പെട്ട ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും സജ്ജീകരിക്കുന്നു.

### 2. ഗണിതമൂല

വിവിധതരം രൂപങ്ങൾ, നാണയങ്ങൾ, ചാർട്ടുകൾ എന്നിവയുൾപ്പെട്ട ഗണിതമൂല ക്രമീകരിക്കുന്നു.

### 3. ഗണിത ക്ലബ്ബ്

ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു.

കാലം : ജൂൺ–മാർച്ച്

ചുമതല : പ്രീ–പ്രൈമറി ടീച്ചർ, ആയ



# ഒന്ന്, രണ്ട് ക്ലാസ്സുകളിൽ
# മലയാളം

## 1. കുഞ്ഞുവായന

### ലക്ഷ്യം

1. മുഴുവൻ കുട്ടികളെയും വായനയിൽ താൽപ്പര്യമുള്ളവരാക്കുക.
2. വായനയിലൂടെ ഭാഷാശേഷി വികസിപ്പിക്കുക.
3. വായനാകാർഡുകളുടെ നിർമ്മാണം. (കുട്ടി/ രക്ഷിതാവ്)
4. ബാലമാസികകളുടെ ശേഖരണം/ പ്രദർശനം
5. ലൈബ്രറി ഒരുക്കൽ
6. വായനാഗ്രാഫ്
7. മികച്ച വായനക്കാരനെ കണ്ടെത്തുക

### പ്രവർത്തനങ്ങൾ

**1.ക്ലാസ് വായനാക്കൂട്ടം (ജൂൺ-മാർച്ച്)**

5 പേരുള്ള കുഞ്ഞുവായനാക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. ഒരുദിവസം ഒരുകുട്ടി ശ്രവ്യവായന നടത്തുന്നു. വായിച്ച കഥയെക്കുറിച്ച് പറയൽ.

**2. കേൾക്കാം ആസ്വദിക്കാം (ഇ-വായന)**

കുട്ടിപ്പാട്ടുകൾ, കുട്ടിക്കവിതകൾ, കുഞ്ഞുകഥകൾ, കാർട്ടൂൺ, വാർത്തകൾ എന്നിവ ഐ.സി.ടി സഹായത്തോടെ കുട്ടികളെ കേൾപ്പിക്കുന്നു.

**3. വായനാകാർഡുകൾ നിർമ്മാണം**

കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ വായനാക്കാർഡ് നിർമ്മിക്കുന്നു.

**4. ബാലമാസികകളുടെ ശേഖരണം**

കുട്ടികളുടെ സഹായത്തോടെ ബാലമാസികകൾ ശേഖരിക്കുന്നു. പ്രദർശിപ്പിക്കുന്നു.

**5. വായനാമൂല ഒരുക്കൽ**

ശേഖരിച്ച ബാലമാസികകൾ, വായനാകാർഡുകൾ എന്നിവയുൾപ്പെടുത്തി വായനാമൂല ഒരുക്കുന്നു. ജന്മദിന പുസ്തകം പദ്ധതി നടപ്പിലാക്കുന്നു.

**6.വായനാഗ്രാഫ്**

വായന പ്രോത്സാഹിപ്പിക്കുന്നതിനായി വായനാഗ്രാഫ് തയ്യാറാക്കുന്നു. സ്റ്റാർ നൽകി ഏറ്റവും മികച്ച വായനക്കാരനെ കണ്ടെത്തുന്നു. സമ്മാനം നൽകുന്നു.

**7. അമ്മ വായന**

സി.പി.ടി.എ. യിൽ അമ്മ വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഒരു ദിവസം ഒരു കഥ രക്ഷിതാവ് വായിച്ചുകൊടുക്കുന്നു. അമ്മമാർ വായിച്ച പുസ്തകത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. സി.പി.ടി.എ.യിൽ അവതരിപ്പിക്കുന്നു.

**8.വായനാനുഭവം പങ്കുവയ്ക്കൽ**

അസംബ്ലിയിൽ വായിച്ച കഥപറയാൻ അവസരം നൽകുന്നു. അവതരിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നു.

**9. അനുഭവങ്ങൾ കേൾക്കാം**

മുതിർന്നവർ, കൃഷിക്കാർ എന്നിവരുടെ അനുഭവങ്ങൾ കേൾക്കാൻ അവസരം നൽകുന്നു.

**10. വായനാമത്സരം**

വായനാമത്സരം നടത്തി മികച്ച വായനക്കാരനെ കണ്ടെത്തുന്നു. സമ്മാനം നൽകുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് പ്രസംഗ മത്സരം നടത്തുന്നു.

**11. ബാലസഭ**

ബാലസഭകളിൽ കഥ, പാട്ട് എന്നിവ അവതരിപ്പിക്കുന്നു.



Scanned with OKEN Scanner

# II. കുഞ്ഞെഴുത്ത്

## ലക്ഷ്യങ്ങൾ

1. കുഞ്ഞു വായനയിൽ നിന്നും കുഞ്ഞെഴുത്തിലേക്ക് കുട്ടികളെ നയിക്കുക.
2. അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിച്ച് സ്വതന്ത്ര ലേഖനത്തിനവസരം നൽകി സർഗാത്മക രചനയിലേക്ക് നയിക്കുക.
3. കുട്ടികളുടെ രചനകൾ പൊതുസമൂഹവുമായി പങ്കുവെയ്ക്കൽ

## പ്രവർത്തനങ്ങൾ

**1. എഴുത്തുകൂട്ടം**

ചിത്രപ്പതിപ്പ് തയ്യാറാക്കൽ, പരിചയപ്പെച്ച അക്ഷരങ്ങൾ ഒട്ടിച്ച് അക്ഷരക്കൂട്ടം പൂർത്തിയാക്കൽ, കവിത പൂർത്തിയാക്കൽ, കഥ പൂർത്തിയാക്കൽ, അവതരണം

**2.സർഗച്ചുവർ**

ക്ലാസ് പ്രവർത്തനങ്ങളിലെ മികച്ച സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു.

**3. കയ്യെഴുത്തു മാസിക**

ജൂൺ മുതൽ മാർച്ചു വരെയുള്ള ഭാഷാ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്ത് ഓരോ കുട്ടിക്കും ഓരോ കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു.

**4. ക്ലാസ് തല കയ്യെഴുത്തുമാസിക**

കുട്ടികളുടെ മികച്ച സൃഷ്ടികൾ ചേർത്ത് ക്ലാസ്തല കൈയെഴുത്തുമാസിക തയ്യാറാക്കുന്നു.

**5. നോട്ട് ബുക്ക് മെച്ചപ്പെടുത്തൽ**

കുട്ടികളുടെ നോട്ടുബുക്ക് ആകർഷകമാക്കുന്നു. ചിത്രങ്ങൾ, ലേഖന പ്രവർത്തനങ്ങൾ എന്നിവ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തിയ നോട്ടുബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു.

**6. വിവരണം എഴുതാം**

ഐ.സി.ടി. സഹായത്തോടെ പ്രകൃതിദൃശ്യങ്ങൾ മഴക്കാഴ്ചകൾ എന്നിവയുടെ ദൃശ്യങ്ങൾ കണ്ട് ലഘുവിവരണം, കാഴ്ചകൾ എന്നിവ എഴുതുന്നു.

ചുമതല : എം.പി.ടി.എ., പി.ടി.എ., എസ്.ആർ.ജി., ക്ലാസ് ടീച്ചർ

# III. ENGLISH ( HAI ENGLISH I AM WITH YOU)

## ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷ അനായാസകരമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു.
2. ഇംഗ്ലീഷ് പ്രസംഗം, സ്കിറ്റ് എന്നിവ അവതരിപ്പിക്കുക

## പ്രവർത്തനങ്ങൾ

### E-Learning

1. ഐ.സി.ടി. സഹായത്തോടെ ഇംഗ്ലീഷ് പാട്ടുകൾ, കഥകൾ, കാർട്ടൂൺ എന്നിവ കാണാനും, കേൾക്കാനും അവസരങ്ങൾ നൽകുന്നു. പാട്ടുകൾ താളാത്മകമായി ആലപിക്കുകയും,ആസ്വദിക്കുകയും ചെയ്യുന്നു.

### 2. Let's Speak

കുട്ടികൾ സ്വയം പരിചയപ്പെടുത്തൽ, simple description എന്നിവ നടത്തുന്നു. English speech ന് പരിശീലനം നൽകുന്നു.

### 3. Let's Read

ചിത്രവായന നടത്തുന്നു. വായനാകാർഡുകൾ നിർമ്മിക്കുന്നു. വായനാമൂലയിൽ ഇംഗ്ലീഷ് വായനാകാർഡുകൾ പ്രദർശിപ്പിക്കുന്നു. word strips, Sentence strips എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് വായനാ പ്രവർത്തനങ്ങൾ നടത്തുന്നു.

### 4. Let's Write

അടിക്കുറിപ്പ്, വിവരണം, സംഭാഷണം എന്നിവ പൂർത്തിയാക്കുന്നു.

### Spoken English പരിശീലനം

ഇംഗ്ലീഷ് ക്ലാസിൽ ഇംഗ്ലീഷ് സംസാരിക്കുക, Teacher talk ന് പ്രാധാന്യം നൽകുന്നു. ഇംഗ്ലീഷ് story പറഞ്ഞു കൊടുക്കുന്നു.

### 5. എന്റെ ഇംഗ്ലീഷ് മാഗസിൻ

ക്ലാസ്തല പ്രവർത്തനങ്ങളിലെ വിവരണം, അടിക്കുറിപ്പ്, ചിത്രങ്ങൾ എന്നിവ കൂട്ടി ചേർത്ത് ഓരോ കുട്ടിയും ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു.

### 6. English Assembly, Englidh day

ആഴ്ചയിൽ രണ്ടുദിവസം (തിങ്കൾ, വ്യാഴം) ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ആ ദിവസം English day ആയി ആചരിക്കുന്നു.

### 8. Hai English Dictionary

ഒരു ദിവസം ഒരു ഇംഗ്ലീഷ് വാക്ക് പരിചയപ്പെടുത്തുന്നു. അതിന്റെ ചിത്രം, അർഥം എന്നിവ ഡിക്ഷണറി ബുക്കിൽ കുട്ടികൾ എഴുതുന്നു. മാസാവസാനം പരിചയപ്പെട്ട വാക്കുകളുടെ dictation നടത്തുന്നു.

### 9. ഇംഗ്ലീഷ് ബാലസഭ

മാസത്തിൽ ഒരുതവണ ഇംഗ്ലീഷ് ബാലസഭ നടത്തുന്നു. ഇംഗ്ലീഷ് സ്കിറ്റ് , സ്റ്റോറി, ആക്ഷൻ സോങ് എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

### 10. ഗെയിംസ്

പ്ലേറ്റ് & ഗ്ലാസ്, കുളം, കര തുടങ്ങിയ കളികൾ നിർദ്ദേശങ്ങൾക്കനുസരിച്ച് കളിക്കാനും സ്വയം കളികളിലേർപ്പെടാനും കുട്ടികൾക്ക് അവസരം നൽകുന്നു.

കാലം : ജൂൺ, മാർച്ച്

ചുമതല : എസ്.ആർ.ജി., ക്ലാസ് ടീച്ചർ



Scanned with OKEN Scanner

# IV. ഗണിതം മധുരം

## ലക്ഷ്യങ്ങൾ

1. ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക.
2. ഗണിത പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് കൃഷി പ്രയോജനപ്പെടുത്തുക.
3. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക

## പ്രവർത്തനങ്ങൾ

**1. ഗണിതകിറ്റ്**

സംഖ്യാബോധം, എണ്ണൽ ഉറപ്പിക്കുന്നതിന് മഞ്ചാടി, മുത്ത്, തീപ്പെട്ടി എന്നിവയുൾപ്പെട്ട ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും സജ്ജീകരിക്കുന്നു.

**2. ഗണിതമൂല**

വിവിധതരം രൂപങ്ങൾ, നാണയങ്ങൾ, ചാർട്ടുകൾ ഗണിത പുസ്തകങ്ങൾ എന്നിവയുൾപ്പെട്ട ഗണിതമൂല ക്രമീകരിക്കുന്നു.

**3. ഗണിത ക്ലബ്ബ്**

ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു.

**4. ഗണിത ശാസ്ത്രമേളകൾ**

ഗണിതശാസ്ത്ര സംബന്ധമായ വസ്തുതകൾ ഉൾക്കൊള്ളിച്ച് ഗണിത ശാസ്ത്രമേള സംഘടിപ്പിക്കുന്നു.

**5. ഗണിത ലാബ്**

കമ്പുകെട്ടുകൾ, ഗണിതകേളികൾ, പസിലുകൾ, കുസൃതിക്കണക്കുകൾ ഇവയെല്ലാം ഉൾപ്പെടുത്തി ഗണിതലാബ് ക്രമീകരിക്കുന്നു.

**6. എണ്ണാം എഴുതാം തരംതിരിക്കാം**

സ്കൂൾ പച്ചക്കറിത്തോട്ടത്തിലെ പച്ചക്കറികളെ ഓരോ ഗ്രൂപ്പാക്കി തരിതിരിക്കുന്നു. ഓരോന്നും എത്രയെണ്ണം വീതം? എന്ന് എണ്ണി എഴുതുന്നു. പട്ടിക രൂപീകരിക്കുന്നു. ഏറ്റവും കൂടുതൽ ഏത്? കുറവ് ഏത് എന്ന് കണ്ടെത്തുന്നു. ആരോഹമ ക്രമത്തിലും അവരോഹണക്രമത്തിലും എഴുതുന്നു.

**7. ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തൽ**

ഗണിത ശേഷികൾ ഉറപ്പാക്കാനാവശ്യമായ സാധ്യതകൾ കണ്ടെത്തുന്നു. ജി' കോമ്പ്രിസ്, കളിപ്പെട്ടി എന്നിവ കാര്യക്ഷമമാക്കുന്നു.

**8. ഗണിത ക്വിസ്** ( കാലയളവ്- എല്ലാ മാസത്തിലും), ചുമതല ക്ലാസ് അധ്യാപകർ

ഗണിത ശാസ്ത്ര സംബന്ധിയായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ഓരോ മാസവും ഗണിത ക്വിസ് നടത്തുന്നു.

**9. ഗണിത ശാസ്ത്രഞ്ജൻമാരുടെ ചിത്രപ്രദർശനം**

ഗണിത ശാസ്ത്രഞ്ജൻമാരുട ചിത്രങ്ങൾ, സംഭാവനകൾ, ഇവയുടെ പ്രദർശനം ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു.

**10. അബാക്കസിലൂടെ**

മുത്തുകൾ ഉപയോഗിച്ച് അബാക്കസിൽ സംഖ്യകൾ ക്രമീകരിക്കുന്നു.

**11. പാറ്റേൺ രൂപീകരണം**

തീപ്പെട്ടി ഉപയോഗിച്ച് സംഖ്യാ പാറ്റേൺ രൂപീകരിക്കുന്നു.

കാലം : ജൂൺ-മാർച്ച്

ചുമതല : എസ്.ആർ.ജി. പി.ടി.എ., ക്ലാസ് അധ്യാപിക



Scanned with OKEN Scanner

# V. പരിസരപഠനം (LITTILE SCIENTIST)

## ലക്ഷ്യങ്ങൾ

- പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക
- പരിസ്ഥിതിസംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാക്കുക
- പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും ശാസ്ത്രാഭിരുചി വളർത്തുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും

## പ്രവർത്തനങ്ങൾ

**1. ശാസ്ത്രമൂല (കാലം -ജൂൺ- ജൂലൈ) ചുമതല- ക്ലാസ് അധ്യാപിക, എസ്.ആർ.ജി.)**

ക്ലാസുകളിൽ പഠനത്തിനാവശ്യമായ രീതിയിൽ ശാസ്ത്രമൂല ക്രമീകരിക്കൽ

**2. ശാസ്ത്രലാബ് (കാലം -ജൂൺ- ജൂലൈ) ചുമതല- ക്ലാസ് അധ്യാപിക, എസ്.ആർ.ജി.)**

പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര പഠനോപകരണങ്ങൾ ഉൾക്കൊള്ളിച്ച് ലാബ് സജ്ജീകരിക്കൽ.

**3. സ്കൂളിലൊരു ഔഷധക്കൂട്ടം**

സ്കൂളിൽ പി.ടി.എ.യുടെ സഹായത്തോടെ ഔഷധത്തോട്ടം നട്ടുപിടിപ്പിക്കുന്നു. തുടർന്ന് ദശപുഷ്പങ്ങൾ ഏതെക്കെയെന്ന് പരിചയപ്പെടുത്തുന്നു. അവയുടെ പ്രദർശനം നടത്തുന്നു.

**4. സ്കൂളിലൊരു പൂന്തോട്ടം**

എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ സ്കൂളിലൊരു പൂന്തോട്ടം നിർമിക്കുന്നു. പൂന്തോട്ടത്തിന്റെ ചിത്രം വരച്ച് നിറം കൊടുത്ത് വിവരണം തയ്യാറാക്കുന്നു. പൂന്തോട്ടത്തിൽ വിരുന്നിനെത്തിയവരെ നിരീക്ഷിക്കുന്നു.

**5. സ്നേഹത്തണലിൽ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നടുന്നു. വൃക്ഷങ്ങളിൽ പേരെഴുതി ഒട്ടിക്കുന്നു.

**6. ശാസ്ത്രമേള**

ശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നു. പഞ്ചായത്ത്/ജില്ല/സബ്ബജില്ലാ തല മത്സരങ്ങളിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകുന്നു.

**7. പുസ്തക പ്രദർശനം**

ശാസ്ത്ര പുസ്തക പ്രദർശനം നടത്തുന്നു.

**8. ജൈവവൈവിധ്യപാർക്ക്**

ജൈവവേലി പരിപോഷിക്കൽ, ചെറിയ കുളം, ജലജീവികൾ, ജലസസ്യങ്ങൾ എന്നിവയെ വളർത്തുന്നു.

**9. നിരീക്ഷിക്കാം തരംതിരിക്കാം**

സ്കൂൾ പരിസരത്തുള്ള സസ്യങ്ങൾ നിരീക്ഷിക്കുന്നു. അവയെ തരംതിരിക്കുന്നു.



Scanned with OKEN Scanner

**10. ബോധവത്കരണ ക്ലാസ് (രോഗങ്ങളെ അറിയാം)**

വിവിധ രോഗങ്ങളെപ്പറ്റിയും പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും ബോധവത്കരണ ക്ലാസ് നടത്തുന്നു.

**11. പഠനയാത്രകൾ**

- നാട്ടിലെ പൊതു സ്ഥാപനങ്ങളിലേക്ക് സ്ഥാപനങ്ങൾ ( വില്ലേജ്, റേഷൻകട, ആശുപത്രി) പഠനയാത്രകൾ സംഘടിപ്പിക്കുന്നു.
- വീടു നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളെ പരിചയപ്പെടാൻ ഫീൽഡ് ട്രിപ്പ് നടത്തുന്നു.

**12. നിർമ്മിക്കാം**

ശുചീകരണത്തിനാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നു. (പൊടിതട്ടി, ചൂൽ......)

**13. എന്റെ പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ടം നിരീക്ഷിക്കുന്നു. അവയെ കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിങ്ങനെ തരം തിരിക്കുന്നു.

**14. വൃത്തിയായി വളരാം**

- ശുചിത്വ ക്ലബ്

  ശുചിത്വ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലാസ്റൂം, സ്കൂൾ പരിസരം എന്നിവ വൃത്തിയായി സൂക്ഷിക്കുന്നു.

- പോസ്റ്റർ

  ശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ ക്ലാസ്സിൽ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

**15. ബോധവത്കരണ ക്ലാസ്**

വ്യക്തി ശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതതകളെക്കുറിച്ച് വിദഗ്ദരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

**16. നിരീക്ഷിക്കാം-വ്യത്യാസം കണ്ടെത്താം**

ഐ.സി.ടി. യുടെ സഹായത്തോടെ വിവിധതരം വീടുകൾ ആകൃതി, വലുപ്പം, മേൽക്കൂര എന്നിവയിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി പറയുന്നു.

കാലം : ജൂൺ-മാർച്ച്

ചുമതല : പി.ടി.എ. എസ്.ആർ.ജി., ക്ലാസ് അധ്യാപിക



## മൂന്ന്, നാല് ക്ലാസ്സുകളിൽ
## ഭാഷ മലയാളം
# I.വായന-വായനാ വസന്തം

### ലക്ഷ്യം

- മുഴുവൻ കുട്ടുകാരെയും വായനയിൽ താൽപ്പര്യമുള്ളവരാക്കുന്നു.
- വായനയിലൂടെ ഭാഷാശേഷി വികസിപ്പിക്കുന്നു.
- വായനാകാർഡുകളുടെ നിർമ്മാണം(കുട്ടി, രക്ഷിതാവ്)
- ലൈബ്രറി പുസ്തകങ്ങളുടെ ഒരുക്കൽ
- ബാലമാസികകളുടെ ശേഖരണം-പ്രദർശനം
- വായനാക്കുറിപ്പുകൾ തയ്യാറാക്കൽ
- അമ്മ വായന

### പ്രവർത്തനങ്ങൾ

**1. ഇ വായന**

- ഐ.സി.ടി.യുടെ സഹായത്തോടെ വാർത്തകൾ, കവിതകൾ എന്നിവ കേൾപ്പിക്കുന്നു.
- പാഠപുസ്തകത്തിലെയും, മറ്റ് പുസ്തകങ്ങളിലേയും കവിതകൾ വായിക്കുന്നു.

**2. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ**

- 5 പേരുള്ള വായനാക്കൂട്ടങ്ങൾ രൂപീകരിക്കുന്നു.
- ഓരോദിവസം ഒരു കുട്ടി വീതം ശ്രാവ്യ വായന നടത്തുന്നു.

**3. വായിക്കാം പങ്കുവെക്കാം**

- വായിച്ച പുസ്തകത്തിലെ ആശയം മറ്റുള്ളവരുമായി പങ്കുവെക്കുന്നു.
- വായനാനുഭവങ്ങൾ അസംബ്ലിയിൽ പങ്കുവെക്കുന്നു.
- അസംബ്ലിയിൽ പത്രവായന-പുസ്തകവായന പരിജയം
- വായനാക്വിസ്
- പിറന്നാൾ സമ്മാനമായി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ കൈമാറുന്നു.

കാലം : ജൂൺ-മാർച്ച് വരെ

ചുമതല : അധ്യാപിക, എസ്.ആർ.ജി.

**4. സാഹിത്യകാരനോടൊപ്പം**

- സാഹിത്യകാരന്മാരെ സ്കൂളിലേക്ക് ക്ഷണിക്കുന്നു.
- അവരുടെ ആശയങ്ങളും, അറിവുകളും, അനുഭവങ്ങളും കുട്ടികളുമായി പങ്കുവെക്കുന്നു.

കാലം : ഓഗസ്റ്റ് മാസം

ചുമതല : അധ്യാപകർ



Scanned with OKEN Scanner

**5. വായനമൂല ഒരുക്കൽ**

- ക്ലാസ് ലൈബ്രറി ഒരുക്കൽ
- ക്ലാസ് ലൈബ്രേറിയനെ തിരഞ്ഞെടുക്കൽ
- വായനാഗ്രാഫ് പ്രദർശനം
- മികച്ച വായനക്കാരനെ കണ്ടെത്തുന്നു.
- സമ്മാനം നൽകുന്നു.

**6. വളരുന്ന വായന**

- സമീപ ഗ്രന്ഥശാല സന്ദർശനം: അംഗത്വ സ്വീകരണം
- അമ്മ വായനാ–സി.പി.ടി.എ.യിൽ വായനാനുഭവം പങ്കുവെക്കൽ
- വീടുകളിൽ ലൈബ്രറി സജ്ജീകരിക്കൽ
- ദിനാചരണങ്ങളോടനുബന്ധിച്ച്, വായനാമത്സരങ്ങൾ, പ്രസംഗമത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവ നടത്തുന്നു.

കാലം : ജൂൺ–മാർച്ച്

ചുമതല : അധ്യാപിക, എസ്.ആർ.ജി., ഹെഡ്മിസ്ട്രസ്

## II. എഴുത്ത് സർഗവസന്തം

### ലക്ഷ്യം

- വായനയിൽ നിന്ന് രചനയിലേക്ക് കുട്ടികളെ നയിക്കുന്നു. സാഹിത്യസംവാദ ചർച്ചകളൊരുക്കിയും സർഗ്ഗാത്മക രചനാ സന്ദർഭങ്ങൾ സൃഷ്ടിച്ചും കുട്ടികളെ ഭാഷാ മികവിലേക്ക് ഉയർത്തുക.
- കുട്ടികളുടെ രചനകൾ പൊതുസമൂഹവുമായി പങ്കുവെക്കൽ
- കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാ സാമഗ്രികളുടെ നിർമ്മാണവും ശേഖരണവും

### പ്രവർത്തനങ്ങൾ

**1.എഴുത്തുകൂട്ടം**

- പാഠപുസ്തകത്തിലെയും, ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങളിലെ കഥകളുടെയും വിവരണങ്ങളുടെയും വായനാക്കുറിപ്പ് തയ്യാറാക്കൽ
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ- അസംബ്ലിയിലും, ബാലസഭയിലും അവതരിപ്പിക്കൽ
- പ്രകൃതിയുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ ഐ.സി.ടി. സഹായത്തോടെ പ്രദർശിപ്പിക്കുകയും, അതിനെ സംബന്ധിച്ച വിവരണങ്ങൾ, വർണ്ണന എന്നിവ തയ്യാറാക്കുന്നു.
- ദിനാചരണങ്ങൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കുകയും സ്കൂൾ, ക്ലാസ് പ്രവർത്തനങ്ങളെ പത്രവാർത്തകളാക്കി മാറ്റുകയും ചെയ്യുന്നു.
- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രശസ്ത വ്യക്തികളുടെ ആത്മകഥകൾ വായിച്ച് ജീവചരിത്ര കുറിപ്പ് തയ്യാറാക്കുന്നു. ആത്മകഥ എഴുതുന്നു. കൂട്ടുകാരുടെ ജീവചരിത്ര കുറിപ്പുകൾ തയ്യാറാക്കുന്നു.
- ചിത്രത്തിൽ നിന്ന് കഥകൾ, കവിതകൾ, കുറിപ്പുകൾ എന്നിവ തയ്യാറാക്കുന്നു.
- ഐ.സി.ടി.യുടെ സഹായത്തോടെ ദൃക്സാക്ഷി വിവരണങ്ങൾ കുട്ടികളെ കാണിക്കുകയും, കേൾപ്പിക്കുകയും ചെയ്യുന്നു.

**2.സർഗ ചുമരിലേക്ക്**

ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ ക്ലാസ് ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ക്ലാസ് പ്രവർത്തനങ്ങളിലെ മികച്ച സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു. (കഥ, കവിത, ചിത്രങ്ങൾ)

കാലം : ജൂൺ-മാർച്ച്

ചുമതല : ക്ലാസധ്യാപിക, എസ്.ആർ.ജി.

**3. എന്റെ കയ്യെഴുത്തുമാസിക**

ജൂൺ മുതൽ മാർച്ച് വരെയുള്ള ക്ലാസ്തല പ്രവർത്തനങ്ങളും, ദിനാചരണങ്ങളും ഉൾപ്പെടുത്തി ഓരോ കുട്ടിയും കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. സ്കൂൾ തലത്തിലും തയ്യാറാക്കുന്നു.

കാലം : ജനുവരി-ഫെബ്രുവരി

ചുമതല : അധ്യാപകർ, എസ്.ആർ.ജി.

**4. നാടകകളരി**

- നാടകകളരിയിലൂടെ സംഭവങ്ങളെ നാടകങ്ങളാക്കാനും, അഭിനയിക്കാനുമുള്ള അവസരങ്ങൾ ഒരുക്കുന്നു.
- കുട്ടികൾ തയ്യാറാക്കിയ പാഠപുസ്തകവുമായി ബന്ധപ്പെട്ട സ്കിറ്റുകൾ ബാലസഭയിലും, അസംബ്ലിയിലും അവതരിപ്പിക്കുന്നു.
- സ്വന്തം രചനകൾ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി എഡിറ്റിംഗ് നടത്തി ആവശ്യമായ മെച്ചപ്പെടുത്തലുകളോടെ പുനർരചന നടത്തുന്നു.
- പത്രവാർത്തകൾ എഡിറ്റിംഗ് നടത്തി അവതരിപ്പിക്കുന്നു.

കാലം : ജൂൺ-മാർച്ച്.

ചുമതല : ക്ലാസ്സ് അധ്യാപിക, എസ്.ആർ.ജി., പി.ടി.എ.

# ENGLISH
# III. HAI ENGLISH I AM WITH YOU

### ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷ അനായാസകരമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു.
2. ഇംഗ്ലീഷ് പ്രസംഗം, സ്കിറ്റ്, നാടകം എന്നിവ അവതരിപ്പിക്കുന്നതിന്

### പ്രവർത്തനങ്ങൾ

## 1. E-Learning

- ഐ.സി.ടി. സഹായത്തോടെ ഇംഗ്ലീഷ് പാട്ടുകൾ, കഥകൾ എന്നിവ കേൾപ്പിക്കുന്നു.
- കാർട്ടൂൺ, സിനിമ എന്നിവ കാണാനും, കേൾക്കാനും അവസരങ്ങൾ നൽകുന്നു.
- കവിതകൾ താളാത്മകമായി ആലപിക്കുകയും,ആസ്വദിക്കുകയും ചെയ്യുന്നു.

## 2. Let's Speak

കുട്ടികൾ സ്വയം പരിചയപ്പെടുത്തുന്നു, കുടുംബത്തേയും പരിചയപ്പെടുത്തുന്നു.
ചിത്രങ്ങൾ ഉപയോഗിച്ച് കഥകളും, സംഭാഷണങ്ങളും വിവരങ്ങളും അവതരിപ്പിക്കുന്നു.
5 പേർ അടങ്ങുന്ന ഗ്രൂപ്പിൽ ക്ലാസ് ലൈബ്രറിയിലെ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുന്നു.
വായനാകാർഡുകൾ തയ്യാറക്കുന്നു.

## 4. Let's Write

- വിവരണം, സംഭാഷണം, ചിന്തകൾ, കഥകൾ, കഥാപൂരണം, ചിത്രങ്ങളുടെ സഹായത്തോടെ കഥാ നിർമ്മാണം തുടങ്ങിയവ നടത്തുന്നു.
- ഓരോ കുട്ടിക്കും ഓരോ മാഗസിൻ
- പ്രധാന ദിനാചരണങ്ങളോടനുബന്ധിച്ചുള്ള ഇംഗ്ലീഷ് ഡയറിക്കുറിപ്പ്

## 5. Spoken English പരിശീലനം

- ഇംഗ്ലീഷ് പ്രസംഗത്തിനുള്ള പരിശീലനം നൽകുന്നു.
- ഇംഗ്ലീഷ് ക്ലാസിൽ ഇംഗ്ലീഷ് മാത്രം സംസാരിക്കുന്നു.
- Teacher talk ന് പ്രാധാന്യം നൽകുന്നു.

## 6. English Assembly, Englidh day

- ആഴ്ചയിൽ രണ്ടുദിവസം (തിങ്കൾ, വ്യാഴം) ഇംഗ്ലീഷ് അസംബ്ലി.
- ആ ദിവസം English dayആയി ആചരിക്കുന്നു.

## 7. English Dictionary

- ഒരു ദിവസം ഒരു ഇംഗ്ലീഷ് വാക്ക് പരിചയപ്പെടുത്തുന്നു. അതിന്റെ ചിത്രം, അർഥം എന്നിവ ഡിക്ഷണറി ബുക്കിൽ രേഖപ്പെടുത്തുന്നു. മാസാവസാനം വാക്കുകളുടെ dictation നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു.

## 8. ഇംഗ്ലീഷ് ബാലസഭ

- മാസത്തിൽ ഒരുദിവസം ഇംഗ്ലീഷ് ബാലസഭ.
- പാഠപുസ്തകത്തിലെ കഥകൾ സ്കിറ്റുകളാക്കി അവതരിപ്പിക്കുന്നു.
- ഇംഗ്ലീഷ് കഥകൾ, കവിതകൾ പ്രധാന ദിനങ്ങളോടനുബന്ധിച്ച പ്രസംഗങ്ങൾ എന്നിവ അവതരിപ്പിക്കുന്നു.

## 9. Let's Play

പ്ലേറ്റ് & ഗ്ലാസ്, കുളം, കര തുടങ്ങിയ കളികൾ നിർദ്ദേശങ്ങൾക്കനുസരിച്ച് കളിക്കാനും സ്വയം കളികളിലേർപ്പെടാനും കുട്ടികൾക്ക് അവസരം നൽകുന്നു.

കാലം : ജൂൺ, മാർച്ച്

ചുമതല : എസ്.ആർ.ജി., ക്ലാസ് അധ്യാപിക



Scanned with OKEN Scanner

# IV. ഗണിതം ലളിതം

## ലക്ഷ്യങ്ങൾ

1. ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക.
2. ഗണിത പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് കൃഷി പ്രയോജനപ്പെടുത്തുക.
3. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക

## പ്രവർത്തനങ്ങൾ

### 1. ഗണിതകിറ്റ്

സംഖ്യാബോധം,സമയബോധം, എണ്ണൽ എന്നിവ ഉറപ്പിക്കുന്നതിന് മഞ്ചാടി, മുത്ത്, തീപ്പെട്ടികൊള്ളി, ക്ലോക്ക് എന്നിവയുൾപ്പെട്ട ഗണിതകിറ്റ് എല്ലാ കുട്ടികൾക്കും സജ്ജീകരിക്കുന്നു.

ഈർക്കിൽ, കമ്പുകഷ്ണങ്ങൾ എന്നിവയും സജ്ജീകരിക്കുന്നു.

### 2. ഗണിതമൂല

വിവിധതരം രൂപങ്ങൾ(ചതുരം, ത്രികോണ, വൃത്തം), അളവുപാത്രങ്ങൾ, തൂക്കുകട്ടികൾ,നാണയങ്ങൾ, കളിനോട്ടുകൾ, ചാർട്ടുകൾ, പാറ്റേണുകൾ, ജോമെട്രിക് ചാർട്ടുകൾ, പസിലുകൾ എന്നിവ ഉൾപ്പെട്ട ഗണിതമൂല ക്രമീകരിക്കുന്നു.

### 3. ഗണിത ക്ലബ്ബ്

ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. (3,4 ക്ലാസ്സിലെ കുട്ടികൾ)

ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിതകേളികളും കുസൃതികണക്കുകളും പസിലുകളും നടത്തുന്നു. പസിലുകളും കുസൃതികണക്കുകളും സ്കൂൾ ബുള്ളറ്റിൻ ബോർഡിൽ പ്രസിദ്ധീകരിക്കുന്നു.

### 4. പച്ചക്കറി കൃഷിയിലൂടെ ഗണിത പഠനം

- പച്ചക്കറിത്തോട്ടത്തിൽ നിന്ന് വിളവെടുത്ത വിവിധ പച്ചക്കറികളുടെ നീളം, ഭാരം എന്നിവ ഊഹിച്ച് പറയുന്നു. അളന്നും, തൂക്കിയും കണ്ടുപിടിക്കുന്നു.
- പച്ചക്കറിത്തോട്ടം നിരീക്ഷിച്ച് ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ രൂപീകരിക്കുകയും, പ്രശ്നപരിഹരണം നടത്തുകയും ചെയ്യുന്നു.

### 5. മെട്രിക് മേളകൾ

അളവ്, തൂക്കം, നീളം തുടങ്ങിയ പഠനശേഷികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 3,4 ക്ലാസ്സുകൾക്കായി മെട്രിക് മേള നടത്തുന്നു.

### 6. ഗണിത ക്വിസ് ( കാലയളവ്- എല്ലാ മാസത്തിലും), ചുമതല ക്ലാസ് അധ്യാപകർ

ഗണിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തി ഓരോ മാസവും ഗണിത ക്വിസ് നടത്തുന്നു. വിജയികൾക്ക് സമ്മാനങ്ങളും നൽകുന്നു.

### 7. അറിയാം അറിയിക്കാം

ഗണിത ശാസ്ത്രഞ്ജന്മാരെ കുറിച്ചുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു. ശാസ്ത്രഞ്ജന്മാരുടെ ജീവചരിത്രകുറിപ്പുകൾ എഴുതുന്നു. ശാസ്ത്രഞ്ജന്മാരുടെ ചിത്രങ്ങൾ അടങ്ങിയ ആൽബങ്ങൾ തയ്യാറാക്കുന്നു.



Scanned with OKEN Scanner

### 8. ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തൽ

ഗണിത ശേഷികൾ ഉറപ്പാക്കാനാവശ്യമായ സാധ്യതകൾ കണ്ടെത്തുന്നു. ജി കോംബിക്സ്, കളിപ്പെട്ടി എന്നിവ കാര്യക്ഷമമാക്കുകയും ചെയ്യുന്നു. ജ്യാമിതീയ രൂപങ്ങൾ പാറ്റേണുകൾ, ടാൻഗ്രാം ഇവ വിവര സാങ്കേതിക വിദ്യയുമായി ബന്ധിപ്പിക്കുന്നു.

### 9. ഗണിത ശാസ്ത്രമേളകൾ

സ്കൂൾ തലത്തിൽ ഗണിതശാസ്ത്ര സംബന്ധിയായ വസ്തുതകൾ ഉൾക്കൊള്ളിച്ച് ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു.

കാലം : ജൂൺ-മാർച്ച്

ചുമതല : എസ്.ആർ.ജി. പി.ടി.എ., അധ്യാപകർ, ഹെഡ്മിസ്ട്രസ്



# V. പരിസരപഠനം

## ലിറ്റിൽ സയന്റിസ്റ്റ്

### ലക്ഷ്യങ്ങൾ

- പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക
- പരിസ്ഥിതിസംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാക്കുക
- ശാസ്ത്രാഭിരുചി വളർത്തുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്

## പ്രവർത്തനങ്ങൾ

### 1. ശാസ്ത്രലാബ്

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര പഠനോപകരണങ്ങൾ, ലെൻസ്, വടക്കുനോക്കിയന്ത്രം, മഴമാപിനി, മൈക്രോസ്കോപ്പ്, ഗ്ലോബ്, ഭൂപടങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് സ്കൂളിലൊരു ശാസ്ത്രലാബ് സജ്ജീകരിക്കുന്നു.

### 2. ശാസ്ത്രമൂല

- ക്ലാസ്സുകളിൽ പഠനത്തിനാവശ്യമായ രീതിയിൽ ശാസ്ത്രമൂല ക്രമീകരിക്കൽ
- ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും ലഘുവിവരങ്ങളും തയ്യാറാക്കി ശാസ്ത്രമൂലയിൽ പ്രദർശിപ്പിക്കുന്നു.

### 3. സ്കൂളിലൊരു ഔഷധക്കൂട്ടം

സ്കൂളിൽ പി.ടി.എ., കർഷകർ, എസ്.എം.സി. എന്നിവരുടെ സഹായത്തോടെ ഔഷധത്തോട്ടം നട്ടുപിടിപ്പിക്കുന്നു. ഔഷധ സസ്യങ്ങളുടെ പ്രദർശനം നടത്തുന്നു. ഔഷധ സസ്യങ്ങളെ കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു.

### 4. സ്കൂളിലൊരു പൂന്തോട്ടം

- കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂളിലൊരു പൂന്തോട്ടം നിർമിക്കുന്നു.
- പൂന്തോട്ടത്തിന്റെ ചിത്രം വരച്ച് നിറം കൊടുത്ത് വിവരണം തയ്യാറാക്കുന്നു.

### 5. സ്നേഹത്തണലിൽ

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ വൃക്ഷത്തൈകൾ സ്കൂൾ പരിസരത്ത് നടുന്നു.
- മരത്തിൽ പേരെഴുതി ഒട്ടിക്കുന്നു.
- പേരെഴുതിയ മരങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

### 6. ശാസ്ത്രമേള

- സ്കൂൾ തലത്തിൽ ശാസ്ത്രമേള സംഘടിപ്പിക്കുന്നു
- സബ് ജില്ലാതലത്തിൽ മേളകളിൽ പങ്കെടുക്കുന്നു.

### 7. എന്റെ പരീക്ഷണം

സ്കൂൾ അസംബ്ലിയിൽ ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നു. തുടർന്ന് ക്ലാസ്സുകളിൽ ലഘു പരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു

### 8. ജൈവവൈവിധ്യപാർക്ക്

- ജൈവവേലി പരിപോഷിപ്പിക്കുന്നു.
- ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സസ്യം സ്കൂളിൽ ലഭ്യമാക്കുന്നു.
- ചെറിയ കുളംനിർമ്മിക്കുന്നു. അതിൽ ജലജീവികളെയും, ജലസസ്യങ്ങളെയും വളർത്തുന്നു.



Scanned with OKEN Scanner

**9. പഠനയാത്രകൾ**

- ➢ നമ്മുടെ പ്രദേശത്തെ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് യാത്രാവിവരണം തയ്യാറാക്കുന്നു. നെൽപ്പാടം സന്ദർശിക്കുകയും, ചോറിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കി വിവരണം എഴുതുന്നു. ചോറിന്റെ ആത്മഥ എഴുതുന്നു.
- ➢ മൺപാത്ര നിർമ്മാണശാല, കൈത്തറി വസ്ത്രനിർമ്മാണശാല എന്നിവ സന്ദർശിക്കുന്നു.
- ➢ ഷർട്ട്, പാവാട എന്നിവയുടെ ആത്മകഥ തയ്യാറാക്കുന്നു.

**10. എന്റെ നാട് എത്ര സുന്ദരം**

**⌖ ഭൂപട നിർമ്മാണം**

കേരള പിറവിയോടനുബന്ധിച്ച് വിവിധയിനം വിത്തുകൾ ഉപയോഗിച്ച് കേരളവും റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഇന്ത്യയുടെ ഭൂപടവും നിർമ്മിക്കുന്നു.

**⌖ പോസ്റ്റർ നിർമ്മാണം**

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളോടനുബന്ധിച്ചും ദിനാചരണങ്ങളോടനുബന്ധിച്ചും പോസ്റ്റർ നിർമ്മിക്കുന്നു.

⌖ ഇന്ത്യയിലെ വിവിധ കലാരൂപങ്ങൾ പരിചയപ്പെടൽ, കലാരൂപങ്ങളുടെ ചിത്രങ്ങളടങ്ങിയ ആൽബം തയ്യാറാക്കുന്നു.

**11. എന്റെ പച്ചക്കറിത്തോട്ടം**

- ➢ പച്ചക്കറിത്തോട്ടത്തിലെ സസ്യങ്ങളെ നിരീക്ഷിക്കുന്നു. നാലാം ക്ലാസിലെ ഇലയ്ക്കുമുണ്ട് പറയാൻ, മൂന്നാം ക്ലാസിലെ പൂത്തും തളിർത്തും തുടങ്ങിയ പാഠഭാഗങ്ങൾ കുട്ടികൾ സ്വയം ഏറ്റെടുത്ത് ചെയ്യുന്നു.
- ➢ ജൈവകീടനാശിനായ പുകയിലകഷായം തയ്യാറാക്കുകയും അതിന്റെ വിവരണം തയ്യാറാക്കുകയും ചെയ്യുന്നു.

**12. വൃത്തി നമ്മുടെ ശക്തി**

ശുചിത്വ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലാസ്റും, സ്കൂൾ പരിസരം എന്നിവ വൃത്തിയായി സൂക്ഷിക്കുന്നു.

**⌖ പോസ്റ്റർ നിർമ്മാണം**

ശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

**⌖ ബോധവത്കരണ ക്ലാസ്സുകൾ**

വ്യക്തി ശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് വിദഗ്ദരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

കാലം : ജൂൺ– മാർച്ച്

ചുമതല : ക്ലാസധ്യാപിക, എസ്.ആർ.ജി., പി.ടി.എ.





Scanned with OKEN Scanner

## സ്കൂൾ തലത്തിൽ

# I. മുന്നോട്ട് മുന്നോട്ട്-ക്വിസ് പരിശീലനം

### ലക്ഷ്യങ്ങൾ

1. കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ
2. വിവിധ ക്വിസ മത്സരങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

### പ്രവർത്തനങ്ങൾ

- എല്ലാമാസവും ചോദ്യോത്തരങ്ങൾ പ്രിന്റ് എടുത്ത് എല്ലാ കുട്ടികൾക്കും കൊടുക്കുന്നു. (പൊതുവിജ്ഞാനം, സാഹിത്യം, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ്)
- മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുന്നു.
- വിവിധ ക്വിസ് മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.
- രക്ഷിതാക്കൾക്ക് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

# II. പ്രസംഗ പരിശീലനം- കുട്ടി പ്രാസംഗികർ

### ലക്ഷ്യങ്ങൾ

1. പൊതുസദസ്സിനു മുമ്പിൽ പ്രസംഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
2. വിവിധ പ്രസംഗ മത്സരങ്ങളിൽ പങ്കാളികളാക്കുന്നു.

### പ്രവർത്തനങ്ങൾ

- പ്രത്യേകദിനാചരണങ്ങളിൽ പ്രസംഗങ്ങൾ എല്ലാ കുട്ടികൾക്കും പ്രിന്റ് എടുത്ത് നൽകുന്നു.
- മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുന്നു,

ചുമതല : അധ്യാപകർ



Scanned with OKEN Scanner

## III. കലാപഠനം

### ലക്ഷ്യങ്ങൾ

1. കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
2. പൊതുവേദിയിൽ അവതരിപ്പിക്കാനവസരം നൽകൽ
3. പ്രതിഭകൾക്ക് പ്രത്യേക പരിശീലനം നൽകൽ

### പ്രവർത്തനങ്ങൾ

- എല്ലാ ആഴ്ചയിലും ക്ലാസ് ബാലസഭ നടത്തുന്നു.
- മാസത്തിലൊരിക്കൽ സ്കൂൾ ബാലസഭ നടത്തുന്നു.
- സ്കൂൾ കലാമേള സംഘടിപ്പിക്കുന്നു. വാർഷികാഘോഷം
- മികവ് തെളിയിക്കുന്നവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.
- വിദഗ്ദരെ ഉപയോഗിച്ച് പ്രത്യേക കളരികൾ, നൃത്തപരിശീലനം, നാടകകളരി, സർഗോത്സവം

ചുമതല : ഹെഡ്മാസ്റ്റർ, അധ്യാപകർ





Scanned with OKEN Scanner

# IV. കായിക പരിശീലനം

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ ശാരീരികവും മാനസികവും ആയ ആരോഗ്യത്തിന്
2. കൃത്യനിഷ്ഠ, അച്ചടക്കം, ഏകാഗ്രത എന്നിവ പാലിക്കുന്നതിന്
3. കായിക പ്രതിഭകളെ കണ്ടെത്തുന്നതിന്

## പ്രവർത്തനങ്ങൾ

- എല്ലാദിവസവും വ്യായാമം - ഉപകരണങ്ങൾ ഉപയോഗിച്ച്
- അസംബ്ലിയിൽ അവതരണം
- ഓട്ടം, ചാട്ടം, നടത്തം എന്നിവയുടെ പരിശീലനം
- ഫുട്ബോൾ, ബാറ്റ്, ക്രിക്കറ്റ് എന്നിവയ്ക്ക് അവസരം നൽകുന്നു.
- കായികമേള നടത്തുന്നു.
- മികവു തെളിയിക്കുന്നവരെ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.
- യോഗ പരിശീലനം

ചുമതല : കായികാധ്യാപിക





Scanned with OKEN Scanner

# ഹൈടെക് ക്ലാസ് മുറികൾ

## ലക്ഷ്യങ്ങൾ

1. ക്ലാസ്തല പ്രവർത്തനങ്ങൾ ഐ.സി.ടി. അധിഷ്ഠിതമാക്കി എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആക്കുക.
2. എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം നൽകുക
3. അധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക

## പ്രവർത്തനങ്ങൾ

- എല്ലാ ക്ലാസുകളിലും ലാപ്പ്ടോപ്പ്, പ്രൊജക്ടർ, ഇന്ററാക്ടീവ് ബോർഡുകൾ എന്നിവ ഒരുക്കുന്നു.
- പാഠഭാഗങ്ങൾ കമ്പ്യൂട്ടർ/ഇന്റർനെറ്റ് എന്നിവയുടെ സഹായത്തോടെ അവതരിപ്പിക്കുന്നു.
- കുട്ടികൾ സ്വന്തമായി പാഠഭാഗങ്ങൾ ഇന്റർനെറ്റ് വഴി എടുക്കൽ
- അധ്യാപകർക്ക് പരിശീലനങ്ങൾ നൽകുന്നു.
- രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനം ചെയ്യാൻ അവസരം നൽകുന്നു.
- പഠനത്തിനാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു.

കാലം : ജൂൺ-മാർച്ച്

ചുമതല : ക്ലാസ് അധ്യാപകർക്ക്, ഐ.സി.ടി. ചുമതലയുള്ള അധ്യാപകർ

# VI. രക്ഷാകർതൃ ശാക്തീകരണം

## ലക്ഷ്യങ്ങൾ

1. രക്ഷിതാക്കളെ വിദ്യാലയവുമായി അടുപ്പിക്കുക.
2. വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ പങ്കാളികളാക്കുക
3. കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ രക്ഷിതാക്കളെ സജ്ജരാക്കുക.
4. വിദ്യാലയ മികവുകൾ പൊതുസമൂഹത്തെ അറിയിക്കുക

### 1. ക്ലാസ് പി.ടി.എ.

- അജണ്ട തീരുമാനിച്ച് കത്ത്, ഫോൺ, വാട്സ് ആപ്പ് എന്നിവയിലൂടെ രക്ഷിതാക്കളെ അറിയിക്കുന്നു.
- എല്ലാ മാസവും ക്ലാസ് പി.ടി.എ.കൾ സംഘടിപ്പിക്കുന്നു.
- ഓരോ ക്ലാസിലെയും പ്രവർത്തനങ്ങൾ വിലയിരുത്തലും ആസൂത്രണവും നടത്തുന്നു.
- കമ്മിറ്റികൾ ക്ലാസുകളിൽ രൂപീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- ക്ലാസുകളിലേക്കാവശ്യമായ പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുന്നു.
- ലൈബ്രറി പുസ്തകങ്ങൾ/ രക്ഷിതാക്കൾക്ക് വായിക്കാൻ അവസരം നൽകുന്നു.
- രക്ഷിതാക്കളുടെ കലാപരിപാടികൾ/ സാഹിത്യ സൃഷ്ടികൾ എന്നിവയുടെ അവതരണം

കാലം : എല്ലാ മാസവും

ചുമതല : ക്ലാസ് അധ്യാപകർ

### 2. പി.ടി.എ.

ജനറൽ ബോഡിയോഗത്തിൽ സ്കൂൾ വാർഷിക കലണ്ടർ അവതരിപ്പിക്കുന്നു. പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ അഭിപ്രായം സ്വീകരിക്കുന്നു. ചർച്ചയിലൂടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, വാർഷികാഘോഷം മുതലായവയ്ക്ക് ആവശ്യമായ കമ്മിറ്റി കൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നു. അമ്മ വായന, പഠനോപകരണ ശിൽപ്പശാല എന്നിവ സംഘടിപ്പിക്കുന്നു.

ചുമതല : ഹെഡ്മാസ്റ്റർ, പി.ടി.എ. പ്രസിഡണ്ട്

### 3. പ്രാദേശിക പി.ടി.എ.

- ഓരോ പ്രദേശത്തും ഉള്ള രക്ഷിതാക്കളെ ഏതെങ്കിലും ഒരു വീട്ടിലോ/ വായനശാലയിലോ കേന്ദ്രീകരിച്ച് യോഗങ്ങൾ നടത്തുന്നു.
- പ്രദേശവാസികൾ, സന്നദ്ധസംഘടനാ പ്രവർത്തകർ, വായനശാലാ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തുന്നു.
- വിദ്യാലയ മികവുകൾ പങ്കുവെക്കുന്നു,
- ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുന്നു.
- വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നു.

കാലം : ഓരോ ടേമിലും

ചുമതല : ഹെഡ്മാസ്റ്റർ, എസ്.ആർ.ജി.കൺവീനർ



Scanned with OKEN Scanner

# VII. അധ്യാപക ശാക്തീകരണം

## ലക്ഷ്യങ്ങൾ

1. ക്ലാസ്/സ്കൂൾതല പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന്.
2. ആവശ്യമായ പരിശീലനങ്ങൾ സി.ആർ.സി., അവധിക്കാലപരിശീലനങ്ങൾ, കമ്പ്യൂട്ടർ പരിശീലനം പഠനോപകരണ നിർമ്മാണ പരിശീലനം ഇവ നൽകുന്നതിന്
3. എസ്.ആർ.ജി.യിൽ എടുത്ത തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്

## പ്രവർത്തനങ്ങൾ

- എല്ലാ ആഴ്ചയും എസ്.ആർ.ജി. യോഗങ്ങൾ ചേരുന്നു.
- ക്ലാസ് തലത്തിലും സ്കൂൾതലത്തിലും നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- പഠനത്തിൽ നേരിട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരബോധനം നടപ്പിലാക്കുന്നു.
- അധ്യാപകർക്ക് മത്സരങ്ങൾ (കല, സാഹിത്യം) സംഘടിപ്പിക്കുന്നു. പുസ്തകചർച്ചകൾ നടത്തുന്നു.
- സി.ആർ.സി. അവധിക്കാല പരിശീലനങ്ങളിൽ എല്ലാ അധ്യാപകരും പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

## VIII. പ്രവൃത്തി പരിചയ പരിശീലനം

### ലക്ഷ്യങ്ങൾ

1. പാഴ്‌വസ്തുക്കൾ, മറ്റ് സാധനങ്ങൾ എന്നിവ ഉപയോഗിച്ച് വിവിധതരം വസ്തുക്കൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും
2. പ്രവൃത്തി-പരിചയ മേളകളിൽ പങ്കെടുക്കുന്നതിന്
3. പാഴാക്കി കളയുന്ന വസ്തുക്കളെ ഉപയോഗപ്പെടുത്തുന്നതിന്

### പ്രവർത്തനങ്ങൾ

- വിദഗ്ദരെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പ്രവൃത്തി പരിചയ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു.
- കഴിവും, താൽപ്പര്യവുമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു.
- ഒറിഗാമി വസ്തുക്കൾ, തടികൊണ്ടുള്ള വസ്തുക്കൾ (മേശ, സ്റ്റൂൾ) വല, ചവിട്ടി, പാഴ്‌വസ്തുക്കൾ, മുളകൾ ഇവ ഉപയോഗിച്ചുള്ള സാമഗ്രികൾ എന്നിവ നിർമ്മിക്കുന്നു.
- ഉണ്ടാക്കിയ വസ്തുക്കളുടെ പ്രദർശനം നടത്തുന്നു.
- മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

കാലം : ജൂൺ- സെപ്തംബർ

ചുമതല : അധ്യാപകർ



Scanned with OKEN Scanner

# IX. ലഹരി വിരുദ്ധ ക്യാമ്പസ്

## ലക്ഷ്യങ്ങൾ

- വിദ്യാലയ പരിസരം ലഹരി വിമുക്തമാക്കുക
- ലഹരി വിരുദ്ധ മനോഭാവം വളർത്തി ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
- പ്രവർത്തനങ്ങൾ
- രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നു. സി.ഡി.പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു.
- അടുത്തുള്ള കടകളിൽ ലഹരിസാധനങ്ങൾ, പാൻ മസാലകൾ തുടങ്ങിയവ വിൽക്കുന്നത് തടയുന്നു.
- പോസ്റ്ററുകൾ തയ്യാറാക്കുകയും റാലികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.
- ലഹരി സാധനങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ അറിയിക്കുന്നു.

# X. പ്ലാസ്റ്റിക് രഹിത വിദ്യാലയം

## ലക്ഷ്യങ്ങൾ

1. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുക
2. വിദ്യാലയത്തിലും വീട്ടിലും സമൂഹത്തിലും പ്ലാസ്റ്റിക്കിനെതിരെ അവബോധം വളർത്തുക

## പ്രവർത്തനങ്ങൾ

- പ്ലാസ്റ്റിക് സാധനങ്ങൾ വിദ്യാലയത്തിൽ കൊണ്ട് വരുന്നതു നിരോധിക്കുന്നു.
- ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- ആഘോഷ വേളകളിലും പൊതുപരിപാടികളിലും, സ്റ്റീൽ ഗ്ലാസ്, പാത്രങ്ങൾ, ഇല തുടങ്ങിയവ ഉപയോഗിക്കുന്നു.
- അലങ്കാരത്തിന് ഓല, കടലാസ് എന്നിവ ഉപയോഗിക്കുന്നു.



Scanned with OKEN Scanner

# XI. സ്കൂൾ സൗന്ദര്യവത്കരണം

## ലക്ഷ്യങ്ങൾ

1. പ്രകൃതിയെ ഒരു പാഠപുസ്തകമാക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുക.
2. ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക.
3. ഔഷധത്തോട്ടം നിർമ്മിക്കുക
4. പച്ചക്കറിത്തോട്ടം നർമ്മിക്കുക
5. ചുറ്റുമതിൽ നിർമ്മിക്കുക
6. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുക.

### 1. ജൈവവൈവിധ്യ പാർക്ക്

സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായി വരുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ കോമ്പൗണ്ടിൽ വച്ചു പിടിപ്പിക്കുന്നു. ഓരോ മരങ്ങളുടെയും പേര് എഴുതി ഒട്ടിക്കുന്നു. വള്ളിക്കുടിലുകൾ, ചെറിയ കുളം(ജലജീവികൾ, ജലസസ്യങ്ങൾ)ഉണ്ടാക്കുന്നു. ഹരിത പാതകൾ, ഹരിത ഇടനാഴികൾ, പച്ച പന്തലുകൾ എന്നിവ നിർമ്മിക്കുന്നു. വിശ്രമത്തിനും പഠനത്തിനും മരത്തണലുകൾ ഉപയോഗിക്കുന്നു.

### 2. ഔഷധത്തോട്ടം

വിവിധയിനം ഔഷധ സസ്യങ്ങൾ നട്ട് സംരക്ഷിക്കുന്ന കുട്ടികൾക്ക് ഇവയുടെ പേരും ഉപയോഗവും മനസ്സിലാക്കി കൊടുക്കുന്നു.

### 3. പച്ചക്കറിത്തോട്ടം

വിഷരഹിത പച്ചക്കറികൾ-ജൈവ രീതിയിൽ വിദ്യാലയത്തിൽ കൃഷിചെയ്യുന്നു. റെയിൻ ഷെൽട്ടർ പച്ചക്കറി കൃഷി ചെയ്യുന്നു. ഇത് സ്കൂളിലെ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കാൻ ഇതിലൂടെ സാധിക്കുന്നു. പ്രത്യേകിച്ച് ഗണിത പ്രവർത്തനങ്ങൾ

### 4. പൂന്തോട്ടം

സ്കൂൾ കോമ്പൗണ്ടിൽ മനോഹരമായ പൂന്തോട്ടം നിർമ്മിക്കുന്നു. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് പൂന്തോട്ടത്തിന്റെ ചുമതല നൽകുന്നു.

### 5. ചുറ്റുമതിൽ നിർമ്മാണം

സ്കൂൾ കോമ്പൗണ്ടിൽ ചുറ്റുമതിൽ നിർമ്മിക്കുന്നു. പുറം ഭിത്തിയും, അകം ഭിത്തിയും പഠനമൂല്യമുള്ളതാക്കുന്നു.

കാലം : ജൂൺ- ആഗസ്റ്റ്

ചുമതല : ഹെഡ്മാസ്റ്റർ, അധ്യാപകർ, പി.ടി.എ.



Scanned with OKEN Scanner

# XII. ശുചിത്വം, ആരോഗ്യം

## ലക്ഷ്യങ്ങൾ

1. പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകുക.
2. കുട്ടികളിൽ മാനസികവും, ശാരീരികവുമായ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുക.
3. വീടും പരിസരവും ശുചിത്വമുള്ളതായി സൂക്ഷിക്കുക

## പ്രവർത്തനങ്ങൾ

- ക്ലാസ് മുറികളും, സ്കൂളും ശുചിത്വമുള്ളതാക്കുന്നു.
- വ്യക്തി ശുചിത്വവും, പരിസരശുചിത്വവും കുട്ടികളിൽ ശീലമാക്കുന്നു.
- അടുക്കളയും, സ്റ്റോർ റൂമും ശുചിത്വമുള്ളതാക്കുന്നു.
- ഭക്ഷണത്തിന് മുമ്പും പിമ്പും കൈകൾ സോപ്പിട്ട് കഴുകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു.
- ആഴ്ചയിൽ രണ്ടുദിവസം പാൽ, മുട്ട, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ ഉച്ചഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നു.
- മാലിന്യ സംസ്കരണം കൃത്യമായി നടത്തുന്നു. ജൈവം, അജൈവം വേർതിരിച്ച് സംസ്കരിക്കുന്നു.
- പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായും നടപ്പാക്കുന്നു.
- ആഴ്ചയിലൊരു ദിവസം ഡ്രൈഡേ ആയി ആചരിക്കുന്നു.
- ഫസ്റ്റ് എയ്ഡ് ബോക്സ് ക്രമീകരിക്കുന്നു. ആവശ്യമുള്ളപ്പോൾ പ്രഥമ ശുശ്രൂഷ നൽകുന്നു.
- മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. വിദഗ്ദ ചികിത്സ വേണ്ട കുട്ടികൾക്ക് അതിനുള്ള അവസരം നൽകുന്നു.
- ആരോഗ്യ ശുചിത്വ ബോധവത്കരണ ക്ലാസ് വിദഗ്ദരെ ഉപയോഗപ്പെടുത്തി സംഘടിപ്പിക്കുന്നു.

കാലം : വർഷം മുഴുവൻ

ചുമതല : പാചകതൊഴിലാളി, പി.ടി.എ., അധ്യാപകർ

# XIII. ടാലന്റ് ലാബ്

## ലക്ഷ്യങ്ങൾ

1) കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിന്

2) ഓരോ മേഖലയിലേയും പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന്

## പ്രവർത്തനങ്ങൾ

- ഓരോ മേഖലയിലും മികവ് തെളിയിക്കുന്നവരെ കണ്ടെത്തുന്നു.
- ഗ്രൂപ്പുകളാക്കി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു.
- പരിശീലനത്തിന് വിദഗ്ദരെ ഉപയോഗപ്പെടുത്തുന്നു.
- വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.



Scanned with OKEN Scanner

# XIV. സമ്പൂർണ്ണ ഗൃഹസന്ദർശനം

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ ഗാർഹിക, സാമ്പത്തിക ചുറ്റുപാടുകൾ മനസ്സിലാക്കുന്നതിനും രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിന്
2. പഠനത്തിൽ സഹായിക്കുന്നതിനും പഠനാന്തരീക്ഷം ഒരുക്കുന്നതിനും രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിന്.

## പ്രവർത്തനങ്ങൾ

- സ്കൂളിലെ എല്ലാ കുട്ടികളുടെയും വീടുകൾ സന്ദർശിക്കുന്നു. ഗാർഹികാവസ്ഥകൾ മനസ്സിലാക്കുന്നു.
- വേണ്ട സഹായങ്ങൾ (സാമ്പത്തികം, പഠന സൗകര്യങ്ങൾ) ചെയ്തുകൊടുക്കുന്നു.
- പഠന പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് രക്ഷിതാകൾക്ക് വേണ്ട സഹായം നൽകുന്നു.



Scanned with OKEN Scanner

# ഉപസംഹാരം

പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഉദയഗിരി ഗവ. എൽ. പി. സ്കൂളിൽ ഈ അധ്യയന വർഷം നടത്താനുദ്ദേശിക്കുന്ന പദ്ധതികളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഞങ്ങൾ വിഭാവനം ചെയ്യുന്നത്. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉറപ്പുവരുത്തും എന്ന ഉത്തമ വിശ്വാസത്തോടെ **'സഫലം 2025'** അക്കാദമിക മാസ്റ്റർ പ്ലാൻ ഞങ്ങൾ സമർപ്പിക്കുന്നു. സ്വീകരിച്ചാലും.....